പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1852 17-12-2012 -ൽ മറുപടിക്ക്.

## മദ്യവിരുദ്ധ ബോധവത്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>" ഐ. സി. ബാലകൃഷ്ണൻ<br>" ഷാഫി പറമ്പിൽ<br>" പി.സി. വിഷ്ണുനാഥ് | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) പുതിയ തലമുറയെ മദ്യവിമുക്തരാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്, എക്സൈസ് വകുപ്പ്, ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും എഫ്.എം. റേഡിയോ, ആകാശവാണി വഴിയുള്ള പ്രചരണം എന്നിവ നടത്തുകയുണ്ടായി. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്ന പേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്യു വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. |
| (ബി) ബോധവത്കരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കൂടുതൽ തുക ഇതിനായി അനുവദിക്കുമോ; | (ബി) | ഉണ്ട്. 2010-11 കാലയളവു വരെ, മദ്യ- ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി 20 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരുന്നത്. എന്നാൽ, 2011-12 സാമ്പത്തിക വർഷത്തിൽ ഇത് 1കോടി 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. |
| (സി) മദ്യവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ ഇതിനകം എത്ര തുക ചെലവഴിച്ചു; വെളിപ്പെടുത്തുമോ? | (സി) | 2011-12 സാമ്പത്തിക വർഷത്തിൽ 1കോടി 20 ലക്ഷം രൂപ അനുവദിച്ചതിൽ, 1,19,27,247/- രൂപ ചെലവഴിച്ചു. 2012 - 2013 സാമ്പത്തിക വർഷത്തിൽ ഇതുവരെ 70 ലക്ഷം, മദ്യ-ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചതിൽ, 18,21,090/- രൂപ ഇതുവരെ ചെലവഴിച്ചു. |

സെക്ഷൻ ആഫീസർ